ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ

25 (1099) ശ്രീ. എം. എ. ബേബി :
ശ്രീ. എ. പ്രദീപ്കുമാർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ എന്ന പേരിൽ പ്രത്യേക വിദ്യാഭ്യാസ മേഖല ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതു സംബന്ധിച്ചുള്ള സമീപനരേഖയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ;

(ഇ) വിദേശ സർവ്വകലാശാലകൾക്ക് ഇവിടെ കോഴ്സുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നുണ്ടോ ;

(എഫ്) പ്രസ്തുത കോഴ്സുകൾ പൂർണ്ണമായും സ്വകാര്യ സ്വാശ്രയ മേഖലയിൽ നടത്താനാണോ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ;

(ജി) പ്രത്യേക വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; പാവപ്പെട്ടവർക്ക് അപ്രാപ്യമാകുന്ന ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മികവിനെ എങ്ങനെ ബാധിക്കുമെന്ന് പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(ബി-എഫ്) മികവുറ്റ ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട കൊണ്ടുള്ളതാണ് അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖല (International Higher Academic Zones) ഇത് ഒരു പബ്ലിക്ക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പിലുള്ളതാണ്. വിദേശ സർവ്വകലാശാലകളുമായി ചേർന്ന് മൂല്യാധിഷ്ഠിതവും, ഭാവിയ്ക്ക് പ്രയോജന കരവുമായ കോഴ്സുകളിലൂടെ അന്തർദ്ദേശീയ നിലവാരം ഉള്ള ഉന്നത വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ലഭ്യമാക്കി കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആയി ഉയർത്തുകയാണ് ലക്ഷ്യം. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖല സ്ഥാപിക്കുന്നതിനായുള്ള സമീപനരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലകളുടെ മേൽനോട്ടം, ഉന്നതവിദ്യാഭ്യാസ വകുപ്പ്, യൂണിവേഴ്സിറ്റികൾ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്രമാനവവിഭവ മന്ത്രാലയം, കേന്ദ്ര വിദേശകാര്യ വകുപ്പ് എന്നിവയിലെ പ്രതിനിധികളും അന്താരാഷ്ട്ര പ്രശസ്തരായ വിദ്യാഭ്യാസ വിദഗ്ദ്ധരെയും ഉൾപ്പെടുത്തി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന അക്കാഡമിക് സിറ്റി അതോറിറ്റിക്കായിരിക്കും രൂപം നൽകുന്നതും, ഭാവിയിൽ ആവശ്യമായി വരുന്ന വിദ്യാഭ്യാസ ആവശ്യങ്ങളും കണക്കാക്കി, അന്താരാഷ്ട്ര മാനദണ്ഡത്തിനും, ഗ്രേഡിംഗിനും വിധേയമായ കോഴ്സുകൾ, ആവശ്യക്കാർക്ക് ലഭ്യമാക്കുകയാണ് IHAZ-ലൂടെ നടപ്പാക്കുന്നത്. ഇതിനായി അന്താരാഷ്ട്ര തലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന സർവ്വകലാശാലകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ള ഉന്നതവിദ്യാഭ്യാസ പ്രൊമോട്ടർമാർ, വിദ്യാഭ്യാസ ട്രസ്റ്റുകൾ, സൊസൈറ്റികൾ എന്നിവരിൽ നിന്നും താല്പര്യപത്രം മുഖേന അപേക്ഷ ക്ഷണിച്ച് പരിശോധനകൾക്ക് വിധേയമായി ഒരു പാനൽ തയ്യാറാക്കുകയാണ് ആദ്യപടി. ഇപ്രകാരമുള്ള വിദ്യാഭ്യാസ ഏജൻസികൾ, ഇന്ത്യക്ക് അകത്തോ, പുറത്തോ, 5 വർഷത്തിൽ കൂടുതലായി മാസ്റ്റേഴ്സ് കോഴ്സുകൾ നടത്തി പരിചയവും, റോഡ് റെയിൽ, വ്യോമ ഗതാഗത സൗകര്യം ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽ 20 ഏക്കറിൽ കുറയാത്ത ഭൂമിയുള്ളവരും, അടുത്ത 10 വർഷത്തിനുള്ളിൽ അന്യാധീനപ്പെടാൻ സാധ്യതയില്ലാത്ത ഭൂമിയുടെ അവകാശമുള്ളവരും, ഏതെങ്കിലും വിദേശ സർവ്വകലാശാലയുമായി കോഴ്സുകൾ നടത്തുന്നതിനും ഫാക്കൽറ്റികളെ വിനിയോഗിക്കുന്നതിനും അനുമതിയോടു കൂടിയുള്ള ധാരണാപത്രം ഉള്ളവരായിരിക്കണം. മതിയായ തോതിൽ അന്താരാഷ്ട്ര തലത്തിൽ കോഴ്സുകൾ നടത്തുന്നതിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളും, ഹോസ്റ്റലുകൾ, ലാബുകൾ, ലൈബ്രറികൾ ഉള്ളവരായിരിക്കണം.

അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയിൽ 2 വർഷത്തിൽ കുറയാത്ത നാല് മാസ്റ്റേഴ്സ് ഡിഗ്രി കോഴ്സുകൾ, അന്താരാഷ്ട്രതലത്തിലുള്ളവരും അക്കാഡമിക് സിറ്റി അതോറിറ്റി നിശ്ചയിക്കുന്ന മാനദണ്ഡം പാലിക്കുന്ന രാജ്യാന്തര കോഴ്സുകളും നടത്തേണ്ടതുണ്ട്. ഇതുപ്രകാരമുള്ള കോഴ്സുകൾക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ ഏജൻസിക്ക് ഫീസ് ചുമത്താവുന്നതും, അതിൽ 25% സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ ഫണ്ടിലേക്ക് ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയ്ക്ക് സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസ്സിംഗ് സോണുകൾക്ക് നൽകുന്ന ഇളവുകൾക്കു പുറമേ, ഗതാഗതം വെള്ളം, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. വിദേശ സർവ്വകലാശാലകൾക്ക് കോഴ്സുകൾ നേരിട്ട് തുടങ്ങുന്നതിന് നിലവിൽ നിയമമില്ല. എന്നാൽ ടൈഅപ്പ് ചെയ്ത് കോഴ്സുകൾ തുടങ്ങുന്നതിനും (Twinning) ക്രഡിറ്റ് ട്രാൻസ്ഫർ ചെയ്യുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്.

(ജി) അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയ്ക്ക് ഇപ്പോൾ പ്രത്യേക എക്സ്പോർട്ട് പ്രോസസിംഗ് മേഖലയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമേ, മേഖലയിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കും. ഏകജാലക സംവിധാനത്തിലൂടെ അനുമതികൾ ലഭ്യമാക്കും. അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലയിൽ നടത്തുന്ന കോഴ്സുകളിൽ ട്വിന്നിംഗ് (Twinning Programmes) പ്രോഗ്രാമിലൂടെ തദ്ദേശീയമായ സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വിദ്യാഭ്യാസ മികവ്, അന്താരാഷ്ട്ര തലത്തിലേക്ക് ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. തദ്ദേശീയരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിലൂടെ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതുമാണ്.

വൈസ് ചാൻസലർ നിയമനങ്ങൾ

26 (1100) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈസ് ചാൻസലർമാരുടെ നിയമനങ്ങൾ ജാതി-മതാടിസ്ഥാനത്തിൽ വീതം വയ്ക്കുകയായിരുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വിശദമാക്കുമോ;

(ബി) അക്കാദമിക് മൂല്യങ്ങളുടേയും മികവിന്റേയും ഉയർന്ന വിദ്യാഭ്യാസ മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ വി.സി.-മാരുടെ നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനങ്ങൾ അതാത് സർവ്വകലാശാല ആക്ടുകൾക്കും സ്റ്റാറ്റ്യൂട്ടുകൾക്കും വിധേയമായാണ് നിർവ്വഹിക്കുന്നത്.

(ബി) വൈസ് ചാൻസലർമാരുടെ നിയമനങ്ങൾ യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly